## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - കൊല്ലം ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീമതി എം ഷീലയുടെ അന്യത്രസേവനകാലം ദീർഘിപ്പിച്ച് ഉത്തരവാകുന്നു

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (സാധാ) നം.1808/2016/തസ്വഭവ                    തീയതി, തിരുവനന്തപുരം,31/5/2016

---

പരാമർശം : 1) 10.03.13 ലെ 42/2013/ധന നമ്പർ സർക്കുലർ

2) സ.ഉ(സാധാ)നം 1253/2013/തസ്വഭവ തീയതി 10.05.2013

3) സ.ഉ(സാധാ)നം 2310/14/തസ്വഭവ തീയതി 3.9.2014

4) സ.ഉ(സാധാ)നം 3549/2015/തസ്വഭവ തീയതി 28.11.2015

5) ശ്രീമതി എം ഷീലയുടെ 06.04.2016 ലെ അപേക്ഷ

6) കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 07.04.2016 ലെ എ 3-467/2016 നമ്പർ കത്ത്

## ഉത്തരവ്

കൊല്ലം ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീമതി എം ഷീലയുടെ അന്യത്രസേവനകാലം ദീർഘിപ്പിച്ച് നല്കണമെന്നാവശ്യപ്പെട്ട് പരാമർശം 6 പ്രകാരം കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറി പ്രൊപ്പോസൽ സമർപ്പിച്ചു. കൃഷി വകുപ്പിലെ സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റ് ശ്രീമതി എം ഷീലയ്ക്ക് പരാമർശം 2 ഉത്തരവ് പ്രകാരം കൊല്ലം ജില്ലാ പഞ്ചായത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി ഒരു വർഷത്തേക്ക് അന്യത്രസേവനകാലവ്യവസ്ഥയിൽ നിയമനം നല്കുകയും പരാമർശം (3) & (4) ഉത്തരവുകൾ പ്രകാരം ടി നിയമനം ദീർഘിപ്പിച്ച് നല്കുകയും ചെയ്തിരുന്നു. ശ്രീമതി എം ഷീലയുടെ അന്യത്രസേവനകാലവ്യവസ്ഥയിലുള്ള നിയമന കാലാവധി 16.05.2016 ൽ അവസാനിച്ചു. ടിയാൾക്ക് ഒരു വർഷം കൂടി അന്യത്രസേവനകാലവ്യവസ്ഥയിൽ നിയമനം ദീർഘിപ്പിച്ച് നല്കുന്നതിൽ വിയോജിപ്പില്ലെന്ന് കൃഷി ഡയറക്ടറും അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. അന്യത്രസേവന വ്യവസ്ഥകൾ പ്രകാരവും പരാമർശം 1 സർക്കുറിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ കൊല്ലം ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീമതി എം ഷീലയ്ക്ക് 17.05.2016 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനകാലവ്യവസ്ഥയിൽ നിയമനം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി എസ്**
ഗവ.അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കൃഷി വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
സെക്രട്ടറി, കൊല്ലം ജില്ലാ പഞ്ചായത്ത്, കൊല്ലം
ജില്ലാ ട്രഷറി ഓഫീസർ, കൊല്ലം
ശ്രീമതി എം ഷീല, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, കൊല്ലം ജില്ലാ പഞ്ചായത്ത് ഓഫീസ്
ഡയറക്ടർ, ഐ. കെ. എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഇപിഎ 1/79/2016/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ